## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 35          18.03.2013-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ ഡൽഹി സന്ദർശനം

| | ചോദ്യം<br>ശ്രീമതി. കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയും, മന്ത്രിമാരും മാർച്ച് 4,5 തീയതികളിൽ ഡൽഹിയിൽ പോയി ഏതൊക്കെ കേന്ദ്രമന്ത്രിമാരെ കണ്ടു; | (എ) & (ബി) | ശ്രീ. എ.കെ. ആന്റണി (കേന്ദ്ര പ്രതിരോധ മന്ത്രി), ശ്രീ. പവൻ കുമാർ ബെൻസൽ (കേന്ദ്ര റയിൽവേ മന്ത്രി), ശ്രീ. പി. ചിദംബരം (കേന്ദ്ര ധന മന്ത്രി), ശ്രീ. ഗുലാം നബി ആസാദ് (കേന്ദ്ര ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പു മന്ത്രി), ശ്രീ. സുശീൽ കുമാർ ഷിൺഡെ (കേന്ദ്ര ആഭ്യന്തര മന്ത്രി), ശ്രീ. അജിത് സിംഗ് (കേന്ദ്ര വ്യോമയാന മന്ത്രി), ശ്രീ. ആനന്ദ് ശർമ്മ (കേന്ദ്ര വാണിജ്യ, വ്യവസായ ടെക്സ്റ്റൈൽ മന്ത്രി), ഡോ. സി.പി.ജോഷി (കേന്ദ്ര റോഡ് ഗതാഗത, ദേശീയപാത വകുപ്പു മന്ത്രി), ശ്രീ. സി.കെ. കറ്റോച്ച് (കേന്ദ്ര സാംസ്കാരിക വകുപ്പു മന്ത്രി), ശ്രീ. ജി.കെ. വാസൻ (കേന്ദ്ര ഷിപ്പിംഗ് വകുപ്പു മന്ത്രി), ശ്രീ. ശ്രീപ്രകാശ് ജൈസ്വാൾ (കേന്ദ്ര കൽക്കരി വകുപ്പു മന്ത്രി), ശ്രീ. കമൽനാഥ് (കേന്ദ്ര നഗര വികസന, പാർലമെന്ററികാര്യ മന്ത്രി), ശ്രീ. അജയ് മാക്കൻ (കേന്ദ്ര ഭവന നിർമ്മാണ-ദാരിദ്യനിർമ്മാർജ്ജന വകുപ്പു മന്ത്രി), ശ്രീ. വീരപ്പ മൊയ്‌ലി (കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പു മന്ത്രി), ശ്രീ. ശരത് പവാർ (കേന്ദ്ര കൃഷി മന്ത്രി), ശ്രീ. ചിരഞ്ജീവി (കേന്ദ്ര ടൂറിസം സഹമന്ത്രി-സ്വതന്ത്ര ചുമതല), പ്രൊഫ. കെ.വി. തോമസ് (കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണ വകുപ്പു സഹമന്ത്രി-സ്വതന്ത്ര ചുമതല), ശ്രീ. ജയ്പാൽ നുദിന്നി റെഡ്ഡി (കേന്ദ്ര ശാസ്ത്ര സാങ്കേതിക, ഭൗമശാസ്ത്ര വകുപ്പു മന്ത്രി), ശ്രീ. സൽമാൻ ഖുർഷിദ് (കേന്ദ്ര വിദേശകാര്യ മന്ത്രി), ശ്രീ. ജ്യോതിരാദിത്യ മാധവറാവു സിന്ധ്യ (കേന്ദ്ര ഊർജ്ജ സഹമന്ത്രി-സ്വതന്ത്ര |
| (ബി) | എന്തൊക്കെ ആവശ്യങ്ങൾ നേടിയെടുക്കാനാണ് ഡൽഹിയിലേക്ക് പോയത് ; ആയതിൽ എന്തൊക്കെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സാധിച്ചു ; വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | ചുമതല) എന്നീ കേന്ദ്രമന്ത്രിമാരെ മുഖ്യമന്ത്രിയും, മന്ത്രിമാരും മാർച്ച് 4,5 തീയതികളിൽ ഡൽഹിയിൽ സന്ദർശിച്ച് നിവേദനങ്ങൾ നൽകി.<br>നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>പാലക്കാട് കോച്ച് ഫാക്ടറി നടപ്പാക്കുന്ന കാര്യം മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. അതോടൊപ്പം കൊച്ചി-മധുര പാതയ്ക്കും നഞ്ചൻകോഡ്-നിലമ്പൂർ പാതയ്ക്കും സർവ്വേ നടപടി ത്വരിതപ്പെടുത്തുമെന്നും മന്ത്രി സഭയിൽ അറിയിക്കുകയുണ്ടായി. വരൾച്ച ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ ഇപ്പോൾ 62.61 കോടി രൂപ അനുവദിച്ചു പ്രഖ്യാപനമായിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾക്ക് അനുഭാവപൂർണ്ണമായ സമീപനം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.<br>13.03.2013-ൽ നടത്തിയ റെയിൽവേ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി കേരളത്തിന് പുതുതായി 4 തീവണ്ടികൾ പ്രഖ്യാപിച്ചു. കൂടാതെ, റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രതിവാര തീവണ്ടികളായ കൊച്ചുവേളി-ലോകമാന്യതിലക് എക്സ്പ്രസ്സ്, കോഴിക്കോട്, പാലക്കാട് വഴിയുള്ള കാഞ്ഞിഗുഡ-മംഗലാപുരം എന്നിവ ആഴ്ചയിൽ രണ്ടു തവണയാക്കിയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി കണ്ണൂർ വരെയും, കോഴിക്കോട്-ഷൊർണ്ണൂർ പാസഞ്ചർ തൃശ്ശൂർ വരെയും നീട്ടിക്കൊണ്ട് റെയിൽവേ മന്ത്രി പ്രഖ്യാപനം നടത്തുകയുണ്ടായി. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ മന്ത്രിമാർ മുഖ്യമന്ത്രിയെ അനുഗമിച്ചു; പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് എന്ത് തുക സംസ്ഥാന ഖജനാവിൽ നിന്നും മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ചെലവഴിച്ചു : | (സി) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി), ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി), ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി), ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി), ശ്രീ. അനൂപ് ജേക്കബ്ബ് (ഭക്ഷ്യ-പൊതുവിതരണ, രജിസ്ട്രേഷൻ വകുപ്പു മന്ത്രി), ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പു മന്ത്രി), ശ്രീ. കെ.പി. മോഹനൻ (കൃഷി, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| | | | പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) എന്നീ മന്ത്രിമാർ ഉൾപ്പെട്ട സംഘമാണ് മുഖ്യമന്ത്രിയെ അനുഗമിച്ചത്.<br>പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട റ്റി.എ/ഡി.എ ബില്ലുകൾ സമർപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മാത്രമേ ഇതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവായി എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. റ്റി.എ/ഡി.എ ബില്ലുകൾ ഇതുവരെയായും ബന്ധപ്പെട്ടവർ സമർപ്പിച്ചിട്ടില്ല. |
| (ഡി) | ഡൽഹി യാത്രയിൽ പ്രധാനമന്ത്രിയെ കാണാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ : | (ഡി) | പാർലമെന്റ് സമ്മേളനവുമായി ബന്ധപ്പെട്ട തിരക്കായതിനാൽ പ്രധാനമന്ത്രിയെ സന്ദർശിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 13.03.2013-ൽ മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കണ്ട് ചർച്ച നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്